**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** — **23-08-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതേവരെ എത്ര ആളുകൾക്ക് വീട് നിർമ്മാണത്തിനും, നിർമ്മാണം പൂർത്തീകരിക്കുന്നതിനും പണം നൽകിയിട്ടുണ്ട് എന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമായ 22,780 പേരിൽ 14,861 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്രയിടങ്ങളിലാണ് ഗുണഭോക്താക്കൾക്കായി ലൈഫ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിലെ മൂന്ന് സ്ഥലങ്ങളിൽ ആണ് നിലവിൽ ലൈഫ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്:<br>1) പുന്നപ്ര - 156 യൂണിറ്റുകൾ<br>2) മണ്ണഞ്ചേരി - 28 യൂണിറ്റുകൾ<br>3) നടുവട്ടം - 44 യൂണിറ്റുകൾ |
| (സി) | പുന്നപ്രയിലെ ഫ്ലാറ്റ് നിർമ്മാണത്തിലെ തടസ്സം നീക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) | പുന്നപ്രയിലെ ലൈഫ് ഭവന സമുച്ചയ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള M/s പെന്നാർ എന്ന ഏജൻസി കോവിഡ് 19, പ്രളയം എന്നിവ കാരണം നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ട സാഹചര്യത്തിൽ കമ്പോളത്തിൽ ഉണ്ടായ വില വർദ്ധനവുകാരണം നിർമ്മാണം തുടർന്ന് നടത്തുന്നതിന് കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ട് പ്രവൃത്തികൾ നിറുത്തിവെച്ചിരിക്കുകയാണ്. കരാർ തുക വർദ്ധനവ് സംബന്ധിച്ച തീരുമാനം പരിഗണിക്കുന്നതിന് സർക്കാർതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. വിഷയം നിലവിൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. നിർമ്മാണം പുന:രാരംഭിക്കുവാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണം |

| | | | |
|---|---|---|---|
| | | | പുന:രാരംഭിക്കാത്ത സാഹചര്യത്തിൽ കരാർ അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സ്ഥലവും വീടുമില്ലാത്ത അർഹരായവർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി സ്ഥലവും വീടും നൽകുന്നതിനുള്ള അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ സ്ഥലവും വീടുമില്ലാത്ത അർഹരായവരുടെ (*പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ*) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഇ) | ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ എത്ര പേരാണുള്ളത്; വ്യക്തമാക്കാമോ; | (ഇ) | ഇപ്രകാരം ഭൂരഹിത ഭവന രഹിതരായി 3,999 ഗുണഭോക്താക്കളും 14,056 പേർ ഭൂമിയുള്ള ഭവന രഹിതരായും ഉൾപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഇവർക്ക് എന്നത്തേക്ക് വസ്തു നൽകി നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (എഫ്) | അന്തിമ ഗുണഭോക്തൃ പട്ടികയിലെ ക്രമമനുസരിച്ച് ഇവർക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Name of Constituency | Total Number of Sanctioned Houses | Number of Completed Houses |
|---|---|---|
| Aroor | 2050 | 1398 |
| Cherthala | 3788 | 2757 |
| Alappuzha | 4688 | 3983 |
| Ambalappuzha | 2090 | 946 |
| Kuttanad | 1665 | 886 |
| Harippad | 2621 | 1533 |
| Kayamkulam | 2635 | 1586 |
| Chengannur | 1567 | 797 |
| Mavelikkara | 1676 | 975 |
| Total | 22780 | 14861 |